# ആമയും കാലവും

കെ.എ. ജയശീലൻ



മനുഷ്യകേന്ദ്രിതമായ സ്വത്വബോധത്തെയും ലോകബോധത്തെയും കാലബോധത്തേയും തകർക്കുകയും പ്രപഞ്ചത്തിലെ സകലത്തിനും ബാധകമായ സ്വത്വബോധവും ലോകബോധവും കാലബോധവും പകരം പ്രതിഷ്ഠിക്കുകയുമാണ് അരനൂറ്റാണ്ടുകാലത്തെ കാവ്യജീവിതംകൊണ്ട് ഈ കവി മുഖ്യമായും ചെയ്തത്. പാർശ്വവൽക്കരിക്കപ്പെട്ട ചെറുതുകളുടെയും പ്രാണിവർഗ്ഗങ്ങളുടെയുമൊക്കെ നിരന്തര സാന്നിദ്ധ്യത്തിന്റെ അടിസ്ഥാന കാരണം ജയശീലൻ മാസ്റ്ററുടെ കവിത പുലർത്തുന്ന വ്യത്യസ്തമായ ഈ ബോധത്രയമാണ്.

-പി. രാമൻ

കവർ ഡിസൈൻ: അരുൺ ഗോകുൽ

ഡിസി ബുക്സ്

www.dcbooks.com

9 788126 465064 00001

കവിത | E-book available | ₹ 50

# ആമയും കാലവും

3M1 JAY/A
CASMTVK BKS
484

കെ.എ. ജയശീലൻ



dcb

## കെ.എ. ജയശീലൻ

1940–ൽ കോഴിക്കോട് ജനിച്ചു. ഫറോക്ക് ഗവൺമെന്റ് ഗണപത് ഹൈസ്കൂൾ, ഫറോക്ക് കോളജ്, മദ്രാസ് ക്രിസ്ത്യൻ കോളജ്, വിശ്വഭാരതി യൂണിവേഴ്സിറ്റി, ലാൻകാസ്റ്റർ യൂണിവേഴ്സിറ്റി യു.കെ., സൈമൺ ഫ്രെയ്സർ യൂണിവേഴ്സിറ്റി കാനഡ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. വിവിധ കോളജുകളിൽ അദ്ധ്യാപകൻ. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇംഗ്ലിഷ് ആന്റ് ഫോറിൻ ലാങ്ഗ്വേജസിൽ 1970 മുതൽ 2002 വരെ ലിങ്ഗ്വിസ്റ്റിക്സ് പ്രൊഫസർ.

കെ.എ. ജയശീലൻ

# ആമയും കാലവും

ഡി സി ബുക്സ്

## ഉള്ളടക്കം

*പഠനം-നായെ കയറ്റുന്ന സമാന്തര സ്വർഗ്ഗം* .................. *9*

പാപ്പാത്തിപ്പുഴുവിന്റെ ചെറിയ മനസ്സിൽ .................................. 19

നിറഞ്ഞ് നില്ക്കുന്നു .................................................................. 20

പക്ഷി ........................................................................................ 21

നായ്ച്ചിന്തകൾ ........................................................................... 22

അണ്ണാന്റെ വഴികൾ ................................................................. 23

ചാട്ടം ......................................................................................... 24

പക്ഷിയാകൽ ............................................................................. 25

സ്ഫോടം .................................................................................... 26

മുടി നഖം മനസ്സ് ....................................................................... 27

മനസ്സിലാക്കൽ .......................................................................... 29

ഹേ, സ്നേഹിതാ ......................................................................... 31

ആചാര്യൻ ................................................................................. 35

അർദ്ധവിരാമം .......................................................................... 36

കണ്ണാടിയിൽ മുഖം കാണിക്കാതെ ............................................ 37

എട്ട് ശകലങ്ങൾ ........................................................................ 38

നിവൃത്തി .................................................................................. 41

അഗ്നി ശിശുവല്ല ....................................................................... 42

മാവിലകൾ ................................................................................ 43

കാക്ക ....................................................................................... 44

കണ്ണാടി ........ 45
ആട്ടക്കഥ ........ 46
ഉള്ളി മുറിച്ച പോലെ ........ 47
കണ്ണ് കണ്ണിനെ ........ 48
മതിയാക്കൂ ........ 50
ഒരു തൊടലിന്റെ അനുഭവം ........ 51
ആദ്യത്തെ അറിവ് ........ 52
സ്വന്തം വാലേ ........ 53
ഉപാധി ........ 54
ഭിക്ഷക്കാരൻ നായയോട് ........ 55
ആമയും കാലവും ........ 56
ബഹുമാനം ........ 60
നേർച്ചപ്പെട്ടിയിൽ ........ 61
പുറത്തുകടക്കാൻ കഴിയില്ല ........ 62
ഭാരം ........ 63
മനുഷ്യൻ മരണസമയത്ത് ലോകത്തോട് വിടപറയുന്നു ........ 64

# നായയെ കയറ്റുന്ന സമാന്തര സ്വർഗ്ഗം

കെ.ജി. ശങ്കരപ്പിള്ള എഡിറ്റ് ചെയ്ത 'സമകാലീന കവിത'യുടെ ഒന്നിലേറെ ലക്കങ്ങളിലൂടെയാണ് ജയശീലൻ മാസ്റ്ററുടെ കവിത ആദ്യമായി മലയാള കവിതാ വായനക്കാരുടെ സജീവ ശ്രദ്ധയിലെത്തിയത്. 1990 കളുടെ തുടക്കത്തിൽ 'സമകാലീന കവിത' മലയാള കവിതാരംഗത്ത് നടത്തിയ രണ്ടിടപെടലുകൾ എടുത്തുപറയേണ്ടതുണ്ട്. ആധുനികാനന്തര കവിതയുടെ വലിയൊരു കൂട്ടം ഒന്നിച്ചു പ്രകാശിപ്പിച്ചതാണ് ആദ്യത്തേത്. കെ. എ. ജയശീലന്റെ കവിതകൾ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചത് രണ്ടാമത്തേത്. ഈ രണ്ടു പ്രകാശനങ്ങളും പരസ്പരപൂരകമെന്ന് വായനക്കാരനു തോന്നുകയും ചെയ്തു. പുതുകവിതകളിൽ തെളിഞ്ഞു കണ്ട അനുഭവലോകത്തോടും ആവിഷ്കാര വിശേഷങ്ങളോടും ജയശീലന്റെ കവിതയ്ക്കുള്ള ചാർച്ച വിസ്മയകരമായിരുന്നു. 'വിശ്വരൂപ'നും 'വെള്ള'വും 'ചെമ്പോത്തിന്റെ പറത്ത'വും 'ആപ്പിൾ കാണ'ലും 'ഞാഞ്ഞൂൾ പുരാണ'വുമെല്ലാം പുതുതിൽ പുതുതായ കാവ്യാനുഭവമാണു തന്നത്. ഏതാണ്ടതേ കാലത്ത് 'സമകാലീന കവിത'യിൽ ആദ്യ കവിതകൾ പ്രകാശിപ്പിച്ച എന്നെപ്പോലൊരു പുതുകവിക്ക് അതേ ധാരയിലെഴുതുന്ന മറ്റൊരു പുതുകവിയായാണ് കെ.എ. ജയശീലനെ കാണാൻ കഴിഞ്ഞത്.

എന്നാൽ, ആ കവിതകളുടെ രചനാകാലം ഞങ്ങളെ കുഴക്കി. എൺപതുകളിലും എഴുപതുകളിലും അറുപതുകളിലും എഴുതിയതായിരുന്നു അവ. തന്റെ സമകാലീനരായ ആധുനികരുടെ കവിതകളിൽനിന്ന് ഈ കവിയുടെ രചനകൾ പാലിച്ച അകലം വലുതായിരുന്നു. അത്രത്തോളം അകലം ആധുനികതയിൽനിന്ന് ആധുനികോത്തര കവിതകളിലേക്ക് ഉണ്ടായിരുന്നോ? സംശയമാണ്. മുഖ്യധാരയിൽനിന്നുള്ള ഈ വിച്ഛേദം കാരണമാവാം പ്രമുഖരായ ആധുനികരോടൊപ്പം എഴുതിവന്നിട്ടും ഈ കവി ശ്രദ്ധിക്കപ്പെടാഞ്ഞത്. വിച്ഛേദം ജയശീലൻ മാസ്റ്ററുടെ കാവ്യജീവിതത്തിൽ നിറഞ്ഞുനിന്ന പരികല്പനയുമാകുന്നു. ഒരു പ്രവാസി എന്ന നിലയിൽ കേരളീയ സാഹചര്യത്തിൽനിന്നുള്ള ഭൗതികമായ വിച്ഛേദം ഇദ്ദേഹത്തിനുണ്ട്. ആധുനികതയുടെ ചിന്താ